www.gospelinmalayalam.com

# CHAPTER - 2

## Education (Wisdom in Christ)

**Col 2: 1- 5** *ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ, നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐകമത്യപ്പെട്ടു ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ. ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഔരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ. ഔരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം. ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.*

**Col 2: 1** വി. പൗലൂസ് താൻ സ്ഥാപിച്ചിട്ടില്ലാത്ത ലവോദിക്യ പ്രദേശത്തെ സഭകളെപ്പറ്റിയും concerned ആയിരുന്നു. ആ പ്രദേശങ്ങളിലൊക്കെ 'ദുരുപദേശം' പ്രചരിക്കുന്നതായി താൻ അറിഞ്ഞു. കൊലോസ്യ മാത്രമല്ല. സമീപ പ്രദേശങ്ങളിലും 'ക്രിസ്തു'വിനെ സംബന്ധിച്ചുള്ള സത്യം ശക്തിയോടെ പ്രബോധിപ്പിപ്പാനായി ഈ കത്തിൽ വി. പൗലൂസ് ആഗ്രഹിക്കുന്നു.

**Col 2: 2- 3** എന്താണ് പൗലൂസ് ആ പ്രദേശത്തെ വിശ്വാസികളെ സംബന്ധിച്ച് ആഗ്രഹിച്ചത്.

അവരുടെ ഹൃദയങ്ങൾക്കു ആശ്വാസം ലഭിക്കണം.

They must be encourged in heart and united in Love.

ക്രിസ്തു എന്ന ദൈവ മർമ്മത്തിന്റെ പരിജ്ഞാനം.

വിവേകപൂർണ്ണതയുടെ സമ്പത്ത്.

Complete understanding

Christ: the true mistery of God - Revealed to Man

**John 1: 18** *ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാത നായ പുത്രൻ അവനെ വെളുപ്പെടുത്തിയിരിക്കുന്നു.*

**Heb 1: 2- 3** *ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കി വെച്ചു. അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി. അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരി ഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തു ഇരിക്കയും..*

തേജസ്സിന്റെ പ്രഭ. തത്വത്തിന്റെ മുദ്ര

അവനിൽ ജ്ഞാനത്തിന്റെയും, പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്ത മായിട്ടു ഇരിക്കുന്നു. ഈ അറിവ് പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നു. ഇപ്പോൾ തന്റെ അപ്പസ്തലന്മാരിലൂടെ വെളിപ്പെടുത്തി തന്നിരിക്കുന്നു.

**Col 1: 26** *അങ്ങനെ ഞാൻ നിങ്ങളുടെ അടുക്കൽ മടങ്ങി വരുന്നതിനാൽ എന്നെക്കുറിച്ചു നിങ്ങൾക്കുള്ള പ്രശംസ ക്രിസ്തുയേശുവിൽ വർദ്ധിപ്പാൻ ഇടയാകും.*

Knowledge - apprehension of truth - Prudent Judgement

Wisdom - application of knowledge to life - prudent action

Both are found in Christ.

**Rom 11: 33** ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവി ധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു.

**1Cor 12: 8** *ഒരുത്തനു ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തനു അതേ ആത്മാവി നാൽ പരിജ്ഞാനത്തിന്റെ വചനവും നല്കപ്പെടുന്നു.*

fleettech@gmail.com

www.gospelinmalayalam.com

എന്നാൽ ദൈവത്തിന്റെ ജ്ഞാനം ലോകത്തിനു ഭോഷത്വം.

**1Cor 1: 21- 25** *ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി. യെഹൂദന്മാർ അടയാളം ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു; ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യെഹൂദന്മാർക്കു ഇടർച്ചയും ജാതികൾക്കു ഭോഷത്വവുമെങ്കിലും യഹൂദന്മാരാകട്ടെ യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏവർക്കും ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തുവിനെ തന്നേ. ദൈവത്തിന്റെ ഭോഷത്വം മനുഷ്യരെക്കാൾ ജ്ഞാനമേറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാൾ ബലമേറിയതും ആകുന്നു.*

**1Cor 1: 30** *നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്കു ദൈവത്തിൽനിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു.*

**Col 2: 4- 5** ഈ അറിവു knowledge & wisdom, വശീകരണ വാക്കിനാൽ നാം തെറ്റിപ്പോകാതെ ഇരിപ്പാൻ നമ്മെ കാക്കും.

Truth - സത്യം - സകല പ്രേരണശക്തിക്കും അതീതം അത്രെ.

Truth & persuasion do not always correlate

Error can persuade. But Truth can be compelling.

നമുക്ക് ഇന്ന് ആവശ്യമായിരിക്കുന്നത്. A knowledge of full think & complete commitment to.

**Col 2: 6- 7** *അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു.*

Col 1: 15ൽ തുടങ്ങിയ വിഷയത്തിന്റെ conclusion അത്രെ 2: 6, 7 ഉം വാക്യങ്ങൾ.

**Col 1: 15- 20** Divine exaltation belongs to Christ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും അവനിൽ വസിക്കുന്നു.

**Col 1: 21- 23** In Him we find Reconciliation to God നമ്മെ ദൈവവുമായി നിരപ്പിച്ചു

**Col 1: 24- 27** In Him we find the Revelation of mistery the Gospel സുവിശേഷം എന്ന മറിഞ്ഞു കിടന്ന മർമ്മം - ദൈവം സകല ജാതികളെയും വിശ്വാസത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദമായി.

**Col 1: 28- 29** In Him is believers perfection- We are complete in Him. നാം അവനിൽ പൂർണ്ണരായിത്തീർന്നു.

**Col 2: 1- 5** അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഗുപ്തമായിരിക്കുന്നു.

ഈ കാരണങ്ങളാൽ ഒരു ക്രിസ്തീയ വിശ്വാസി അവനിൽ തുടർന്നും വസിക്കണം. Continue Living in Him ഒരു ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് "ഒരുവൻ ക്രിസ്തുവിൽ ആകുമ്പോഴത്രെ." എപ്രകാരം ആരംഭിച്ചുവോ , അപ്രകാരം തന്നെ അതു തുടർന്നു പോകയും വേണം.

അതെ ക്രിസ്തുവിനോടുള്ള നിരന്തരം കൂട്ടായ്മ.

അവനിൽ വേരൂന്നി - വേറെ ആരുടെ അടുത്തും അല്ല.

ആത്മികവർദ്ധന പ്രാപിച്ച് - Grow in spiritual life.

Continue in Apostolic faith - ഉപദേശിച്ചു തന്നതിനൊത്തവണ്ണം

വിശ്വാസത്തിൽ ഉറപ്പ്. Be firm in faith.

സ്തോത്രത്തിൽ കവിഞ്ഞ് ഇരിക്കണം. Always praising God for the great salvation we must be grateful to God always.

fleettech@gmail.com

www.gospelinmalayalam.com

നന്ദിയാൽ ഹൃദയം നിറയണം.

**Col 2: 8- 23** **Higher Life in Christ**

ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വസിക്കുന്നുവെന്നു കൊലോസ്യരെ പ്രബോധിപ്പിച്ചശേഷം വി.പൗലൂസ് കൊലോസ്യയിൽ നിലനിന്ന ദുരുപദേശങ്ങളെ adverse ചെയ്യുകയാണിനിയും.

**A** Col 2: 8- 10 (Gnosticism is wrong. Deity is in Christ)

**Col 2: 8** *മനുഷ്യസാദൃശ്യത്തിലായി തന്നെത്താൽ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു.*

തത്വജ്ഞാനവും, വെറും വഞ്ചനയുംകൊണ്ട് കൊലോസ്യ വിശ്വാസികളെ ആരും തെറ്റിക്കരുത് എന്ന് വി.പൗലൂസ് ആഗ്രഹിച്ചു.

False Philisophy - തത്വജ്ഞാനം എന്ന പേരിൽ വെറും വഞ്ചന.

കൊലോസ്യയിൽ തന്നെ കേട്ടത് വെറും പൊള്ളയായ, വഞ്ചന - Hollow and empty, deceptive and based on human tradition.

**2Cor 10: 5** *സകല സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ് ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി.*

ക്രിസ്തു ദൈവത്തിന്റെ സകല ജ്ഞാനത്തിന്റെയും പൂർത്തീകരണം. <u>Without Christ</u> no philosophy is correct.

ലോകത്തിന്റെ ആദ്യപാഠം - What is this? അഭ്യൂഹങ്ങൾ. Stoicheia

**Col 2: 20** *നിങ്ങളെ സംബന്ധിച്ചു പരമാർത്ഥമായി കരുതുവാൻ തുല്യചിത്തനായി എനിക്കു മറ്റാരുമില്ല*

ആദ്യപാഠങ്ങൾ

Stoic philosophy. It is a dangerous heresy.

**2Cor 4: 3-4** *എന്നാൽ ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നു എങ്കിൽ നശിച്ചുപോകുന്നവർക്കത്രേ മറഞ്ഞിരിക്കുന്നു. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി.*

ക്രിസ്തുവിന്റെ സുവിശേഷം പ്രകാശനം ശോഭിക്കാതെയിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ കണ്ണു കുരുടാക്കി, മനസ്സു കുരുടാക്കി.

This is what the stoic philosophy tries to do.

**Gal 4: 3** *അതുപോലെ നാമും ശിശുക്കൾ ആയിരുന്നപ്പോൾ ലോകത്തിന്റെ ആദ്യപാഠങ്ങൾക്കു കീഴ് അടിമപ്പെട്ടിരുന്നു.*

ഈ Stoic Philosophy ദുരാത്മാവിന്റെ പ്രവൃത്തിയത്രെ. സാത്താന്റെ വഞ്ചന.

It is demonic & Wordly.

ഈ വകയെ ഒക്കെയും നമ്മുടെ കർത്താവ് തോല്പിച്ചു, ജയം കൊണ്ടാടി. We must be in fellowship with christ, if we want to win over these evil forces.

**Col 2: 9** *അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു.*

In Christ all the fullness of Deity lives. ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും നാം ക്രിസ്തുവിൽ കാണുന്നു.

അവനോടു പറ്റിച്ചേർന്നു നിൽക്കുന്ന ഒരു വിശ്വാസിക്കു മാത്രമെ, അവന്റെ പൂർണ്ണത അവകാശപ്പെടാൻ കഴിക.

fleettech@gmail.com

www.gospelinmalayalam.com

If you are away from christ - you are empty.

ആധുനിക കാലത്തെ വലിയ തത്വചിന്തകൻ എന്ന് ലോകം വിശേഷിപ്പിച്ച Jean Paul Satre പറഞ്ഞു - "Life is an empty bubble on the sea of Nothingness" ഒന്നുമില്ലായ്മ എന്ന കടലിന്റെ മുകളിൽ ഇരിക്കുന്ന ഒരു കുമിളയത്രെ ജീവിതം.

Ecc-1: 14 ൽ ശലോമോൻ എഴുതി: സൂര്യനു കീഴെ നടക്കുന്ന സകലപ്രവൃത്തിയും ഞാൻ കണ്ടിട്ടുണ്ട്. അവയൊക്കെയും മായയും, വൃഥാപ്രയത്നവും അത്രെ.

കൊലോസ്യയിൽ അന്നു കേട്ട ദുരുപദേശം - കർത്താവിനെ ഒരു Angel ആയി ചിത്രീകരിച്ചു. എന്നിട്ടു പറഞ്ഞു ക്രിസ്തുവിന്റെ Body was apparent - Not real

**1John 4: 2** *ദൈവാത്മാവിനെ ഇതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽനിന്നുള്ളതു.*

യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന സ്വീകരിക്കുന്ന ആത്മാവ് ഒക്കെയും ദൈവത്തിൽ നിന്നുള്ളത്. 1John 4: 3 യേശുവിനെ സ്വീകരിക്കാത്ത യാതൊരാത്മാവും ദൈവത്തിൽനിന്നുള്ളതല്ല.

വി.പൗലൂസ് ഇവിടെ affirm ചെയ്തു സ്ഥാപിക്കുന്നു. Christ was fully God and truly Man. അവൻ പൂർണ്ണ ദൈവമായിരുന്നു. പൂർണ്ണമനുഷ്യനും ആയിരുന്നു. അവൻ ജഡത്തിൽ അവതരിച്ച സർവ്വശക്തനാം ദൈവം തന്നെ ആയിരുന്നു.

**Col 2: 10** *എല്ലാവാഴ്ചെക്കും അധികാരത്തിന്നും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു.*

ക്രിസ്തുവിൽ ദൈവത്തിന്റെ പൂർണ്ണത വസിക്കുന്നു എന്നു മാത്രമല്ല. വിശ്വാസികളായ നാം അവനിൽ പൂർണ്ണരായിത്തീർന്നിരിക്കുന്നു. We have been given fullness in Christ

**2Peter 1: 4** *അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു.*

അവന്റെ നിറവിൽനിന്ന് നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു.

We share in the body of Him who is the Head.

നാം ഈ ലോകത്തിന്റെ Philosophy യും ആദ്യപാഠവും വിട്ട് ക്രിസ്തുവിൽ പൂർണ്ണരായിത്തീരണം.

**B** **Legalism is wrong - Reality is in Christ.** Col- 2: 11- 17

**Col 2: 11- 12** *അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു. സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കയും ചെയ്തു.*

ജാതികളിൽനിന്നും കർത്താവിങ്കലേക്കു കടന്നുവന്ന കൊലോസ്യ വിശ്വാസികൾ, യഹൂദാപാരമ്പര്യപ്രകാരം ഉള്ള പരിഛേദന ഏൽക്കണം എന്ന് പറഞ്ഞുകൊണ്ട് ദുരുപദേശക്കാർ പ്രവർത്തനം തുടങ്ങി. അതിനുള്ള മറുപടിയത്രെ ഈ വാക്യം. എന്തിനാണു പരിഛേദന വേണ്ടത്? നിന്ദ നീക്കിക്കളയുക അതായിരുന്നു ഹിൽഗാലിൽ കണ്ടത്. ഇവിടെയിതാ ജീവിതം മുഴുവനുംതന്നെ പുതുതാക്കിയിരിക്കുന്നു.

യേശുവിന്റെ ക്രൂശീകരണം - നമ്മുടെ മുഴുവൻ നിന്ദയും തുടച്ചു നീക്കുന്നതിനുതകുന്നു.

നമ്മുടെ 'പാപസ്വഭാവം' അതു വിശ്വസിക്കുന്നവർക്ക് ക്രിസ്തുവിന്റെ ക്രൂശീകരണത്തോടെ മാറ്റപ്പെടുന്നു. നാം ആദാമിൽനിന്ന് എന്തെല്ലാം പ്രാപിച്ചു. Sinful, fallen, corrupt nature.

നാം ക്രിസ്തുവിൽ നിന്ന് എന്തെല്ലാം പ്രാപിക്കണം. A new creation.

fleettech@gmail.com

www.gospelinmalayalam.com

We are not under Adam. We are in Christ. We have a New Head. A believer has a new authority in Christ.

പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്നതിന്റെയും symbol അത്രെ Baptism.

In water baptism - Immersion portrays Burial with Christ

- Coming out of water portrays resurrection by the power of God to live a New life.

**Rom 6: 4** *അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നു സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ.*

**Col 2: 13- 14** *അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ , അവനോടുകൂടെ ജീവിപ്പിച്ചു; അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതിക്കൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽനിന്നു നീക്കിക്കളഞ്ഞു;*

കർത്താവായ യേശുക്രിസ്തുവിൽ പുതുസൃഷ്ടിയാകാത്ത വ്യക്തി, ആത്മീകമായി മരിച്ച നിലയിലാണ്.

Dead in sins and sinful nature

Death - separation

ക്രിസ്തുവിൽ ആകുമ്പോൾ Spiritually we came to life.

ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ചു തന്ന ന്യായപ്രമാണത്തെതന്നെ നമ്മുടെ മേലുള്ള അധികാരത്തിൽ നിന്നു മാറ്റി. സകല മനുഷ്യരും കുറ്റക്കാരാണ് ന്യായപ്രമാണത്തിന് മുമ്പിൽ. ക്രിസ്തു ന്യായപ്രമാണത്തെ fulfil ചെയ്തു. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെമേൽ ന്യായപ്രമാണത്തിന് അധികാരമില്ല. Christ fullfilled the Law and delivered us from the laws. He fullfilled all Laws demands. “Legalesm” യഹൂദാപാരമ്പര്യത്തിനു നമ്മുടെമേൽ അധികാരമില്ല. കാരണം അതു ന്യായപ്രമാണപ്രകാരമുള്ളത്.

‘നമുക്കെതിരായി ഉണ്ടായിരുന്ന ഈ കയ്യെഴുത്ത് - ‘Certificate of debt’ - ‘Promissory Note’ ‘I owe you’ - ഇത്തരത്തിലുള്ള ഒന്നായിരുന്നു.

It was like a bill of indebtedness. അതു വീട്ടുവാൻ കഴിയാത്തവരെ Criminals ആയി കണ്ടിരുന്നു. എന്നാൽ ക്രിസ്തുയേശു ആ ‘കടപ്പത്രം’ നമ്മിൽ നിന്നും എടുത്തു മാറ്റി. അതു തന്നോടുകൂടെ ക്രൂശിൽ തറച്ചുനീക്കി.

**Col 2: 15- 17** *വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടിഅവരെ പരസ്യമായ കാഴ്ചയാക്കി. അതുകൊണ്ടു ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ പെരുനാൾ വാവു ശബ്ബത്ത് എന്നീകാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുതു. ഇവ വരുവാനിരുന്നവയുടെ നിഴലത്രേ; ദേഹം എന്നതോ ക്രിസ്തുവിന്നുള്ളതു.*

ന്യായപ്രമാണത്തിന്റെ സകല requirements ഉം യേശു fullfill ചെയ്തു. Demonic powerന് യാതൊരു തരത്തിലും നമ്മുടെമേൽ കുറ്റം പറയാൻ കഴിയില്ല. യേശു സകലതിനും മേൽ ജയാളിയായിത്തീർന്നു.

വിശ്വാസികൾ, യേശുവിന്റെ ജയം share ചെയ്യുന്നു. We have become victors over all Laws requirements. Lagalism has no power on us. അതിന്റെ ഭാഗമായിരുന്നു. ഭക്ഷണ പാനീയങ്ങൾ സംബന്ധിച്ചുള്ള നിയമങ്ങൾ.

We have been released from observing those rules as well.

We are free from observing :

fleettech@gmail.com

www.gospelinmalayalam.com

**Levi 17**

**Levi 11**

**Deut 14**

**Rom 14:1- 4** ദൈവം ആരേയും കുറ്റക്കാരനാക്കുന്നില്ല ഈ ഭക്ഷണപാനീയങ്ങൾ സംബന്ധിച്ച്. സ്തോത്രത്തോടെ കൈക്കൊള്ളുന്ന എല്ലാ ഭക്ഷണവും നല്ലതുതന്നെ. അതുപോലെ തന്നെ New Moon day, Sabbath day etc.

ഇതെല്ലാം ceremonial law ആയിരുന്നു. Not moral law.

എന്നാൽ moral law യ്ക്ക് മാറ്റമില്ല താനും. അതിൽ യാതൊരു വിട്ടുവീഴ്ചയുമില്ല.

ceremonial laws എല്ലാംതന്നെ 'shadows' ആയിരുന്നു.

'Sabbath' - to example - ക്രിസ്തുയേശുവിൽ നാം അനുഭവിക്കുന്ന 'Rest' ന്റെ നിഴൽ.

**2Col 2: 18- 19** **<u>Mysticism is wrong - headship is in Christ</u>**

**2Col 2: 18- 19** *താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ചു സ്വന്തദർശനങ്ങളിൽ പ്രവേശിക്കയും തന്റെ ജഡമനസ്സിനാൽ വെറുതെ ചീർക്കയും തലയെ മുറുകെ പിടിക്കാതിരിക്കയും ചെയ്യുന്നവൻ ആരും നിങ്ങളെ വിരുതു തെറ്റിക്കരുതു. തലയായവനിൽ നിന്നല്ലോ ശരീരം മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവികമായ വളർച്ചപ്രാപിക്കുന്നു.*

**താഴ്മ –** ഈ ദുരുപദേശം പ്രസംഗിച്ചുകൊണ്ട് വിശ്വാസികളെ വഴിതെറ്റിക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്നവർ കാണികൾക്കു ഒരു false humility' പ്രദർശിപ്പിക്കും.

**2Tim 3: 5** *ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കും.*

വി.പൗലൂസ് അതിനെ വിളിക്കുന്നത് 'a form of goodliness but denying its power.'

**Worship Angels :** ഈ കൂട്ടർ ദൂതന്മാരെ ആരാധിക്കുന്ന മാർഗ്ഗം തെരഞ്ഞെടുക്കുന്നു. എന്നാൽ വേദപുസ്തകം ഇതിനെ എതിർക്കുന്നു.

**Exo 20: 3- 4** *അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുതു. ഒരു വിഗ്രഹം ഉണ്ടാക്കരുതു; മീതെ സ്വർഗ്ഗത്തിൽ എങ്കിൽ താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുതു.*

**Rev 22: 8- 9** *ഇതു കേൾക്കയും, കാണുകയും ചെയ്തതു യോഹന്നാൻ എന്ന ഞാൻ തന്നേ. കേൾക്കയും കാണ്കയും ചെയ്തശേഷം അതു എനിക്കു കാണിച്ചുതന്ന ദൂതന്റെ കാല്ക്കൽ ഞാൻ വീണു നമസ്കരിച്ചു. എന്നാൽ അവൻ എന്നോടു അതരുതു ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രെ. ദൈവത്തെ നമസ്കരിക്ക എന്നു പറഞ്ഞു*

ഇതിന്റെ അർത്ഥം Legalism, Mysticism ഇതെല്ലാം fallen angels നിന്നും വരുന്നു.

**Gal 4: 3** *അതുപോലെ നാമും ശിശുക്കൾ ആയിരുന്നപ്പോൾ ലോകത്തിന്റെ ആദിപാഠങ്ങളിൽ കീഴ് അടിമപ്പെട്ടിരുന്നു.*

Elemental Spirits

They bring men to slavery by their 'mystical Meditations'

അവർക്ക് വെളിപ്പാടുകൾ ഉണ്ട്. Visions വി.പൗലൂസിന്റെ ഭാഷയിൽ Idle nations 'സ്വന്ത ദർശനം?'

They claim lot of pride ജഢമനസിനാൽ വെറുതെ ചീർക്കുക.

ഇത്തരക്കാരുടെ trap ൽ വിശ്വാസികൾ വീഴരുത്. ഇവരുടെ വഞ്ചനയിൽ കുടുങ്ങുന്നവർ ക്രിസ്തു എന്ന ശിരസ്സിൽ നിന്നും വേറിട്ടുപോയി. സഭയുടെ തല ക്രിസ്തു.

fleettech@gmail.com

www.gospelinmalayalam.com

**John 15: 5** *ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു: ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും: എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല.*

ഈ മുന്തിരിവള്ളിയോടു ചേർന്നു നിൽക്കണം വിശ്വാസികൾ. അല്ലായെങ്കിൽ വളർച്ച ഉണ്ടാകയില്ല.

'ക്രിസ്തു - തല' അല്ലാത്ത ഒരു വിശ്വാസവും ക്രിസ്തീയമല്ല. Christ is the head of church Christ provides everything for the growth of church.

**Col 2: 20- 23** **<u>Asceticism is wrong. Immunity is in Christ</u>**

**Col 2: 20- 23** *നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ മാനുഷകല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി: പിടിക്കരുതു, രുചിക്കരുതു, തൊടരുതു എന്നുള്ള ചട്ടങ്ങൾക്കു കീഴ്പെടുന്നതു എന്തു? ഇതെല്ലാം ഉപയോഗത്താൽ നശിച്ചു പോകുന്നതത്രേ. അതു ഒക്കെയും സ്വേച്ഛാരാധനയിലും താഴ്മയിലും ശരീരത്തിന്റെ ഉപേക്ഷയിലും രസിക്കുന്നവർക്കും ജ്ഞാനത്തിന്റെ പേരു മാത്രമുള്ളതു; ജഡാഭിലാഷം അടക്കുവാനോ പ്രയോജനമുള്ളതല്ല.*

യഹൂദാനിയമം പാലിക്കലും (LEGALISM) + Angels worship (Mysticism) = Asceticism

Self denial, Do not touch, Do not taste. Do not handle

വിശ്വാസികൾ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു മരിച്ചവർ - നമ്മുടെമേൽ മാനുഷികനിയമങ്ങൾക്കും ഉപദേശങ്ങൾക്കും അധികാരമില്ല. ക്രിസ്തുവിനെ കൂടാതെ ലോകത്തിനനുരൂപമായി ജീവിക്കുന്നവർ ആ നിയമങ്ങൾക്കു അടിമകളത്രെ.

ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. നാം പാപത്തിനു മരിച്ചവർ.

**Rom 6: 6** *നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു.*

We are crucified with Christ. Sin's power has no authority on a believer became of Christ's victory.

Asceticism - Man-made system of rules - human commands & teachings (സ്വേച്ഛാരാധന, താഴ്മ, ശരീരത്തിന്റെ ഉപേക്ഷ) ഇതു ജ്ഞാനത്തിന്റെ പേരു മാത്രമുള്ളത്.

Circumcision വേണം എന്നു പഠിപ്പിച്ചു. കൃപയുടെ നിയമങ്ങൾക്കു നേരെ opposite.

ശരീരത്തിന്റെ ഉപേക്ഷ - Neglect for body. Only Spirit is good - Stoic philosophy.

ചുരുക്കിപറഞ്ഞാൽ വിശ്വാസത്താലുള്ള രക്ഷ ന്യായപ്രമാണത്തിൽ നിന്നുള്ള വിടുതലിന്റെ സ്ഥാനത്ത് മാനുഷികനിയമങ്ങൾ ചേർത്തുണ്ടാക്കിയ ഒരു ദുരുപദേശം കൊലോസ്യയിൽ ഉണ്ടായി.

വി. പൗലൂസിലൂടെ ദൈവാത്മാവ് അതിനെതിരായി ശക്തിയായി ദൂതു നൽകുന്നു.

fleettech@gmail.com